# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 561  02/12/2014- ലെ മറുപടിക്ക്

## ഇന്ധനവില സംസ്ഥാന നികുതി നിരക്കുകൾ

| ചോദ്യം<br>ശ്രീമതി. കെ.കെ.ലതിക | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ വർഷം ഒടുവിൽ കേന്ദ്ര സർക്കാർ ഇന്ധനവിലയിൽ നൽകിയ ഇളവുകൾ സംബന്ധിച്ച് വിശദമാക്കാമോ; ഇന്ധന വിലയിൽ ഇളവ് ലഭിച്ചപ്പോൾ, സംസ്ഥാന നികുതി കൂടുകയുണ്ടായോ; എങ്കിൽ എത്ര ശതമാനം വർദ്ധന ഏർപ്പെടുത്തുകയുണ്ടായി; | (എ) | ഈ വർഷം ഒടുവിൽ, അതായത് ഒക്ടോബർ, നവംബർ മാസങ്ങളിൽ പെട്രോളിന്റെ അടിസ്ഥാന വിലയിൽ ആകെ 3 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഡീസലിനും ഒക്ടോബർ, നവംബർ മാസങ്ങളിൽ ആകെ 2 തവണ കുറവ് വരുത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് പുനഃക്രമീകരിച്ചത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പെട്രോളിന്റെ അടിസ്ഥാന വിലയിൽ 1.10.2014, 15.10.2014 എന്നീ തീയതികളിൽ യഥാക്രമം 0.54 രൂപയുടെയും 1.00 രൂപയുടെയും കുറവ് വരുത്തിയപ്പോൾ നികുതി നിരക്ക് 26.92% നിന്നും 27.42 % ആയി പുനഃക്രമീകരിച്ചു. അവസാനമായി 1.11.2014 ന് 2.41 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 27.42% നിന്നും 28.72% ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വിലയിൽ 19.10.2014 ന് 3.00 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 19.80% നിന്നും 21.04% ആയും 1.11.2014 ന് 2.25 രൂപയായി കുറച്ചപ്പോൾ 21.04% നിന്നും 22.07% ആയും നികുതി നിരക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഓരോ ഇനം ഇന്ധനത്തിനും സംസ്ഥാന സർക്കാർ ഇപ്പോൾ ഈടാക്കുന്ന നികുതി നിരക്കുകൾ സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | നിലവിൽ പെട്രോളിന്റെ നികുതി നിരക്ക് 28.72% ഉം ഡീസലിന്റേത് 22.07 ശതമാനവുമാണ്. പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് മൂല്യ വർദ്ധിത നികുതി നിരക്ക് 5% ഉം അല്ലാത്തവയ്ക്ക് 14.5% ഉം ആണ്. ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന പാചകവാതകത്തിന് 5 ശതമാനവും ഗാർഹികേതര പാചക വാതകത്തിന് 14.5 ശതമാനവുമാണ് മൂല്യവർദ്ധിത നികുതി നിരക്ക്. |
| (സി) | കേന്ദ്രസർക്കാർ ഇന്ധന വില നിയന്ത്രണം എടുത്ത് കളഞ്ഞ | (സി) | ഡീസലിന്റെ വില നിയന്ത്രണം കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞതിന് ശേഷം |

| | | | |
|---|---|---|---|
| | സമയത്ത് ഇറക്കുമതി നിരക്ക് കുറഞ്ഞപ്പോൾ, ഡീസൽ വില മൂന്നര രൂപയോളം സംസ്ഥാനത്ത് കുറയുകയുണ്ടായോ; ഇതിനനുസരിച്ച് നികുതി ഇളവ് നൽകാൻ സംസ്ഥാന ഗവൺമെൻറ് തീരുമാനിക്കുകയുണ്ടായോ; എന്നാൽ നികുതി നിരക്ക് കുറയ്ക്കുന്നതിന് പകരം സംസ്ഥാനത്ത് നികുതി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്; വിശദമാക്കാമോ? | | 19.10.2014 ന് എണ്ണക്കമ്പിനികൾ ഡീസലിന്റെ അടിസ്ഥാന വിലയിൽ 3 രൂപയുടെ കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ ഡീസലിന്റെ വില്പന നികുതി നിരക്ക് 19.80% ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്ക് 21.04 ശതമാനത്തിൽ നിന്നും 22.07 ആയി ഉയർത്തിക്കൊണ്ട് പുന:ക്രമീകരിച്ചിട്ടുണ്ട്. അതിനാൽ ഇപ്രകാരം നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവ് വഴി കേന്ദ്ര സർക്കാർ/എണ്ണക്കമ്പിനികൾ വില കുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ, അധിക നികുതി ഭാരം ഈ ഉൽപന്നങ്ങൾക്കു മേൽ ചുമത്തപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ